**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2408** | **13-09-2023 - ൽ മറുപടിയ്ക്ക്**

**അംഗൻവാടികളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കായംകുളം മണ്ഡലത്തിൽ സ്വന്തമായി സ്ഥലമുള്ള അംഗൻവാടികളുടെ നിർമ്മാണത്തിനായി 30.11.2020 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 681/2020, സാ.നി.വ. (സാമൂഹിക നീതി ബി വകുപ്പ്) പ്രകാരം അനുമതി ലഭിച്ചിരുന്ന കൃഷ്ണപുരം ഗ്രാമപഞ്ചായത്തിലെ അംഗൻവാടി നമ്പർ -39 (ഐ.സി.ഡി.എസ്. മുതുകുളം അഡീഷണൽ) സർക്കാരിന്റെ മറ്റൊരു പദ്ധതിയിൽ ഉൾപ്പെട്ടതുമൂലം, പ്രസ്തുത പ്രവൃത്തി റദ്ദ് ചെയ്ത് ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിലെ വാർഡ് 13-ൽ സ്വന്തമായി സ്ഥലമുള്ള 66 നമ്പർ അംഗൻവാടി (ഐ.സി.ഡി.എസ്. മാവേലിക്കര) ക്ക് പുതിയ കെട്ടിടത്തിന് ഭരണാനുമതി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ചിട്ടുള്ള അപേക്ഷയിൻമേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കാമോ? | (എ) | (എ) 2020-21 സാമ്പത്തിക വർഷം 4235-02-102-96 പ്ലാൻ ശീർഷകത്തിൽ നിന്നും തുക വിനിയോഗിച്ച് സ്മാർട്ട് അങ്കണവാടി കൺസെപ്റ്റിൽ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭ്യമായിരുന്ന മുതുകുളം അഡീഷണൽ ഐസിഡിഎസ്സിലെ കൃഷ്ണപുരം പഞ്ചായത്തിലെ 39-ാം നമ്പർ അങ്കണവാടിയ്ക്ക് ഇതരപദ്ധതിയിൽ ഉൾപ്പെട്ട് കെട്ടിടനിർമ്മാണം ആരംഭിച്ചതിനാൽ ടി അങ്കണവാടിയ്ക്ക് പകരം മാവേലിക്കര താലൂക്കിലെ ചെട്ടികുളങ്ങര പഞ്ചായത്തിലെ 66-ാം നമ്പർ അങ്കണവാടിയ്ക്ക് നിർമ്മാണാനുമതി ആവശ്യപ്പെട്ടുകൊണ്ട് 2022-23 സാമ്പത്തിക വർഷം പ്രൊപ്പോസൽ ലഭ്യമായിരുന്നു. എന്നാൽ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായിരുന്നതിനാൽ നിർമ്മാണാനുമതി നൽകുവാൻ സാധിച്ചിരുന്നില്ല.<br><br>കൃഷ്ണപുരം പഞ്ചായത്തിലെ 39-ാം നമ്പർ അങ്കണവാടിയ്ക്ക് പകരം കെട്ടിടനിർമ്മാണാനുമതി ആവശ്യപ്പെട്ട ചെട്ടിക്കുളങ്ങര പഞ്ചായത്തിലെ 66-ാം നമ്പർ അങ്കണവാടിയ്ക്ക് മറ്റൊരു പദ്ധതിയിലുൾപ്പെടുത്തി കെട്ടിടനിർമ്മാണാനുമതി ലഭിച്ചതിനാൽ പകരം ഭരണിക്കാവ് പഞ്ചായത്തിലെ 9-ാം നമ്പർ അങ്കണവാടിയ്ക്ക് കെട്ടിടനിർമ്മാണാനുമതിയ്ക്കായി നടപ്പ് സാമ്പത്തിക വർഷം അപേക്ഷ ലഭ്യമായിരുന്നു. നടപ്പ് സാമ്പത്തിക വർഷം 4235-02-102-96 പ്ലാൻ ശീർഷകത്തിൽ തുക വകയിരുത്തിയിട്ടുള്ളത് അങ്കണവാടി കെട്ടിടനിർമ്മാണം/ നവീകരണത്തിനായി മുൻ വർഷങ്ങളിൽ അനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് വിനിയോഗിക്കുന്നതിലേയ്ക്കാണ്. ആകയാൽ ഭരണിക്കാവ് പഞ്ചായത്തിലെ 9-ാം നമ്പർ അങ്കണവാടിയ്ക്ക് ടി പദ്ധതിയിലുൾപ്പെടുത്തി കെട്ടിടനിർമ്മാണാനുമതി നൽകുവാൻ കഴിയാത്ത |

| | | | |
|---|---|---|---|
| | | | സാഹചര്യമാണ് നിലവിലുള്ളത്. ടി അങ്കണവാടിയ്ക്ക് വകുപ്പിന്റെ Smart Anganwadi/MGNREGS പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണാനുമതി ലഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് ആലപ്പുഴ പ്രോഗ്രാം ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ